**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2409** **17-03-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിലെ വിവിധ വകുപ്പുകൾക്ക് ആസ്ഥാന മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സേവിംഗ്സ്, സ്റ്റോർ പർച്ചേസ്, വാണിജ്യ നികുതി, കാർഷികാദായ നികുതി, ട്രഷറികൾ, ലോട്ടറി, സ്റ്റേറ്റ് ഓഡിറ്റ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, സ്റ്റേറ്റ് ഇൻഷ്വറൻസ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി എന്നീ വകുപ്പുകൾക്ക് സ്വന്തമായി ആസ്ഥാന മന്ദിരം ഉണ്ടോ; ഏതൊക്കെ വകുപ്പുകൾക്കാണ് സ്വന്തമായി ആസ്ഥാന മന്ദിരം ഇല്ലാത്തത്; | (എ) | ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം ഇല്ല. സ്റ്റോർ പർച്ചേഴ്സ് വകുപ്പിന് കീഴിൽ വകുപ്പുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം ഉണ്ട്. ട്രഷറി, ലോട്ടറി, സംസ്ഥാന ഓഡിറ്റ്, സംസ്ഥാന ഇൻഷ്വറൻസ് എന്നീ വകുപ്പുകൾക്ക് സ്വന്തമായി ആസ്ഥാനമന്ദിരം ഇല്ല. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് സ്വന്തമായി ആസ്ഥാനമന്ദിരം ഉണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷന് സർക്കാർ ഉടമസ്ഥതയിലുള്ള പാട്ട ഭൂമിയിൽ സ്വന്തമായി ആസ്ഥാന മന്ദിരം ഉണ്ട്. |
| (ബി) | ഓരോ വകുപ്പും എത്ര രൂപ വാടക ഇനത്തിൽ പ്രതിമാസവും പ്രതിവർഷവും നൽകി വരുന്നു; ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമായ റിപ്പോർട്ട് നൽകാമോ? | (ബി) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ആസ്ഥാന മന്ദിരത്തിന് വാടക ഇനത്തിൽ പ്രതിമാസം 29,825/- രൂപയും പ്രതിവർഷം 3,57,900/- രൂപയും നൽകി വരുന്നു. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരമുള്ളതിനാൽ വാടക നൽകേണ്ടി വരുന്നില്ല. ട്രഷറി വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിന് വാടക ഇനത്തിൽ പ്രതിമാസം 1,14,849/- രൂപ നിരക്കിൽ പ്രതിവർഷം 13,78,188/- രൂപ നൽകി വരുന്നു. പുതിയ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ മന്ദിരത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതാണ്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വാടക ഇനത്തിൽ പ്രതിമാസം 10,74,304/-രൂപയും പ്രതിവർഷം 1,28,91,648/- രൂപയും നൽകി വരുന്നു. സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാലാണ് സ്വകാര്യ വ്യക്തികളുടെ ഉമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ പ്രവർത്തിച്ചു വരുന്നത്. സർക്കാർ |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസുകൾ പ്രസ്തുത കെട്ടിടങ്ങളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 9 ഉപകാര്യാലയങ്ങളുടെ വാടക ഇനത്തിൽ പ്രതിമാസം 3,98,766/-രൂപയും പ്രതിവർഷം 47,85,192/-രൂപയും നൽകി വരുന്നുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് വാടക കെട്ടിടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണിക്കുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയം, റെക്കോർഡ് റൂം, 14 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ എന്നീ ഓഫീസുകളുടെ വാടക ഇനത്തിൽ പ്രതിമാസം 8,60,523/-രൂപയും പ്രതിവർഷം 1,03,26,276/-രൂപയും നൽകി വരുന്നുണ്ട്. സംസ്ഥാന ട്രഷറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിനായി പുതിയതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ദേശീയ സമ്പാദ്യ പദ്ധതി, സംസ്ഥാന ഇൻഷ്വറൻസ് എന്നീ വകുപ്പുകൾക്ക് ആസ്ഥാന കാര്യാലയത്തിന് സ്ഥലം അനുവദിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ-യുടെ ആസ്ഥാനമന്ദിരം സ്വന്തം കെട്ടിടത്തിലായതിനാൽ വാടക ഒന്നും നൽകുന്നില്ല. സർക്കാർ ഉടമസ്ഥതയിലുള്ള പാട്ട ഭൂമിയിൽ പ്രവർത്തിക്കുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രതിവർഷം 1 ലക്ഷം രൂപ നിരക്കിൽ സർക്കാരിന് പാട്ടക്കരം നൽകി വരുന്നു. കെ.എഫ്.സി.പോലുള്ള ധനകാര്യ സ്ഥാപനത്തിന് ഫെയർ വാല്യൂ ഈടാക്കി ഭൂമി പതിച്ചു നൽകാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ പാട്ടത്തിന് അനുവദിക്കാൻ മാത്രമേ കഴിയൂ. |

സെക്ഷൻ ഓഫീസർ